This question paper consists of 34 questions and 8 printed pages.

Roll No.
റോൾ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No. 63/SS/A/MM
കോഡ് നമ്പർ

Set - A

# MALAYALAM

## മലയാളം

## (343)

Day and Date of Examination
(പരീക്ഷാ ദിവസവും തീയതിയും) ____________________

Signature of Invigilators 1. ____________________

(മേൽനോട്ടക്കാരുടെ ഒപ്പ്)

2. ____________________

**പൊതുവായ നിർദ്ദേശങ്ങൾ :**

1 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

2 ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

3 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.

4 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

5 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

6 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **63/SS/A/MM-A** എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

## മലയാളം

## (343)

സമയം : **3** മണിക്കൂർ | മാർക്ക് : **100**

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പത്ത് വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

---

**1** മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ ഏത്? **10×1=10**

(A) ൻറുപ്പാപ്പാക്കൊരാനേണ്ടാർന്ന് (B) പാവങ്ങൾ

(C) ഇന്ദുലേഖ (D) ധർമ്മരാജാ

**2** അന്തിത്തിരി എന്ന കവിതയിൽ പാരമ്പര്യങ്ങളിൽ കുടുങ്ങി നന്മ കൈവിടുന്നവരുടെ കണ്ണുതുറപ്പിച്ചതാര്?

(A) സൂര്യൻ (B) മുത്തശ്ശി

(C) ബാലിക (D) മുഗ്ധാംഗി

**3** ഒന്ന് രണ്ട് മൂന്ന് എന്ന കവിത അനുവാചകരുടെ മുന്നിൽ അവതരിപ്പിക്കുന്ന ആശയം എന്ത്?

(A) യുദ്ധത്തിന്റെ ഭീകരത (B) വൃദ്ധയുടെ ഭ്രാന്ത്

(C) യാത്രയുടെ ദുരിതം (D) ഭർത്താവിന്റെ ദുഃഖം

**4** എംടിയുടെ കണ്ണ് നിറഞ്ഞ സന്ദർഭം ഏതാണ്?

(A) മൺചട്ടികളിൽ വളരുന്ന കണ്ണാന്തളിപ്പൂക്കളെ കണ്ടപ്പോൾ

(B) ചെറിയമ്മാമ കൊണ്ടുവന്ന പൊതിയിലെ മുണ്ടു കണ്ടപ്പോൾ

(C) വീട്ടിൽ ദാരിദ്ര്യം മുറുകിയപ്പോൾ

(D) കുഞ്ഞമ്മാമ ഉണ്ട ശേഷമേ ഭക്ഷണം ലഭിക്കൂ എന്നറിഞ്ഞപ്പോൾ



Unnati Educations
9899436384, 9654279279

5 കുരിശിനെ മുത്തുവാൻ വരുന്ന മാലാഖമാരായി കല്പിച്ചിരിക്കുന്നത് ആരെ?

(A) മരവിച്ചു നിന്ന ക്ഷിതിയെ

(B) ദരിദ്രന്റെ ദേഹമടക്കിയ പെട്ടിയെ

(C) പള്ളിമണിയുടെ നാദത്തെ

(D) വെൺമേഘത്തുണ്ടുകളെ

6 സമുദായശരീരം സോന്മേഷം പ്രവർത്തിക്കുമ്പോൾ മുഖത്ത് പ്രത്യക്ഷപ്പെടുന്ന പ്രസന്നഭാവമായി എം.പി.പോൾ വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെ?

(A) യുദ്ധത്തെ (B) സാമ്രാജ്യപ്രൗഢിയെ

(C) കലയെ (D) പാരമ്പര്യശാസ്ത്രത്തെ

7 അടുത്തുണ്ടൊരു കുട്ടിച്ചാത്തൻ അങ്ങോട്ടിങ്ങോട്ടോടുന്നു- എന്ന പഴഞ്ചൊല്ലിന്റെ പ്രത്യേകത എന്ത്?

(A) അനുപ്രാസം (B) അന്ത്യപ്രാസം

(C) ദ്വിതീയാക്ഷരപ്രാസം (D) പ്രഹേളിക

8 മകളുടെ വിവാഹം നടത്തിച്ച സംതൃപ്തി ഉതുപ്പാൻ അനുഭവിച്ചത് എപ്പോൾ?

(A) കിണറ്റിൽ വെള്ളം കണ്ടപ്പോൾ

(B) കിണറിൽ കപ്പിയും കയറും ഇട്ടപ്പോൾ

(C) നഗരസഭ ശുദ്ധജല വിതരണം ആരംഭിച്ചപ്പോൾ

(D) ഒരു തുണ്ട് ഭൂമി തരപ്പെടുത്തിയപ്പോൾ

9 നവഖലിയെ എന്തിന്റെ പ്രതീകമായാണ് കല്പിച്ചിരിക്കുന്നത്?

(A) സ്വാതന്ത്ര്യത്തിന്റെ (B) അഹിംസയുടെ

(C) കലാപത്തിന്റെ (D) സ്നേഹത്തിന്റെ



Unnati Educations
9899436384, 9654279279

10 ഇന്ത്യയുടെ വിദേശനയത്തിന്റെ വലിയ ദൗർബല്യമായി സുകുമാർ അഴിക്കോട് സൂചിപ്പിക്കുന്നത് എന്ത്?

(A) നയതന്ത്രനൈപുണ്യം

(B) അയൽനാടുകളോടുള്ള പൊരുത്തക്കേട്

(C) സാമ്പത്തിക ഞെരുക്കം

(D) അയൽപക്കസ്നേഹം

11 തേർത്തട്ടിൽ നിന്നുകൊണ്ട് അഖിലോപനിഷൽസാരം അരുൾ ചെയ്തത് ആര്? 1

12 ഒരേ തെയ്യം വ്യത്യസ്ത നർത്തകർ കെട്ടിയാടുമ്പോൾ ഒരേ ഭംഗി ഉണ്ടാകുന്നില്ല എന്നത് എന്താണ് സൂചിപ്പിക്കുന്നത്? 1

13 കൃഷ്ണഗാഥയുടെ മറ്റൊരു പേര് എന്ത്? 1

14 രസികന്മാരെന്ന ഭാവം നടിച്ച് സഞ്ചിയും തൂക്കി അസുരന്മാരെപ്പോലെ നടക്കുന്നത് ആര്? 1

15 ഇന്നിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നത് എന്ത്? 1

16 പ്രിട്ടോറിയയിൽ വെച്ച് ഗാന്ധിജിക്ക് വിഷമം തോന്നിയ സന്ദർഭം ഏത്? 2

17 ദ്രോണരെ സംസ്കരിച്ച നിലം കണ്ട ഗാന്ധാരിയുടെ പ്രതികരണം എന്തായിരുന്നു? 2



Unnati Educations
9899436384, 9654279279

18 തീവണ്ടിയാപ്പീസിനടുത്ത് മരിച്ചുകിടന്ന മനുഷ്യന്റെ കുടുംബത്തെക്കുറിച്ച് കവി ചിന്തിക്കുന്നത് എന്ത്? 2

19 വിരിവാനം ഉള്ളാൽ പുണർന്ന പക്ഷിയുടെ മാനസികാവസ്ഥ എന്ത്? 2

20 ഉപവാസങ്ങളുടെ പേരിൽ പട്ടിണി കിടക്കുന്നതിനെപ്പറ്റി കുഞ്ഞാത്തലമ്മയുടെ വിശദീകരണം എന്ത്? 2

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

21 അമ്മയെ ധരിപ്പിക്കാനായി കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞയച്ചത് എന്തെല്ലാം? 3

22 പൊന്നുരുക്കുകയാണു പൂച്ചേ എന്ന കഥയിലെ അമ്മാളുവിന്റെ സവിശേഷതകൾ എന്തെല്ലാം? 3

23 ആനക്കാരൻ എന്ന നിലയിൽ നാണുക്കുട്ടി പ്രകടിപ്പിച്ചിരുന്ന കഴിവുകൾ എന്തെല്ലാം? 3

24 പാക്ഹാമിന്റെ അന്ത്യം എപ്രകാരമായിരുന്നു? 3

25 കൂട്ടിൽ അകപ്പെട്ട പക്ഷിയെ ജന്മനാട് എങ്ങനെയാണ് ക്ഷണിക്കുന്നത്? 3



Unnati Educations
9899436384, 9654279279

## ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 പുകമറയ്ക്കപ്പുറം എന്ന ചികിത്സാനുഭവം നൽകുന്ന പാഠങ്ങൾ എന്തെല്ലാം? 5

27 നാടകത്തിന്റെ പശ്ചാത്തലം കർണ്ണപർവ്വം എന്ന ചെറുകഥയ്ക്ക് എത്രത്തോളം യോജിക്കുന്നുവെന്ന് വിലയിരുത്തുക. 5

28 ശ്രീഭഗവതി എന്ന ചെറുകഥയിലെ ഭർത്താവിനെ വിലയിരുത്തി കഥാപാത്ര നിരൂപണം തയാറാക്കുക. 5

29 യുദ്ധഭൂമിയിൽ ഗാന്ധാരിയെ ഏറ്റവുമധികം വേദനിപ്പിച്ച കാഴ്ചകൾ എന്തെല്ലാം? 5

30 കാലനില്ലാത്ത കാലത്തിന്റെ പശ്ചാത്തലത്തിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവരെ നമ്പ്യാർ നിരൂപണം ചെയ്യുന്നത് എങ്ങനെ? 5

31 ചെറിയമ്മാമയോട് എം.ടി.ക്ക് ആദരവ് തോന്നാനിടയായ സാഹചര്യം എന്ത്? എം.ടി.യുടെ കുട്ടിക്കാലത്തെക്കുറിച്ച് ഇവിടെ ലഭിക്കുന്ന ചിത്രങ്ങൾ എന്തെല്ലാം? 5

## രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

32 കഥാപാത്രസൃഷ്ടി, ഭാഷാരീതി തുടങ്ങിയവ വിശകലനം ചെയ്ത് കടൽത്തീരത്ത് എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക. 10

**അല്ലെങ്കിൽ**

ആ വിളക്കും മാഞ്ഞു. നവഖലി! നവഖലി! സബർമതി ദൂരെയാണ്.....എന്ന് ശാന്തി വിലപിക്കുന്നതിന്റെ പൊരുൾ നാടകം വിശകലനം ചെയ്ത് എഴുതുക.



Unnati Educations
9899436384, 9654279279

33 അന്നത്തെ പുണ്യം, വിട്ടയയ്ക്കുക എന്നീ കവിതകൾ സ്വാതന്ത്ര്യത്തിനായി വെമ്പൽകൊണ്ട ഒരു ജനതയുടെ അഭിലാഷത്തെ പ്രതിഫലിപ്പിക്കുന്നത് എങ്ങനെ? 10

**അല്ലെങ്കിൽ**

ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവൽ ഭാഗത്ത് തെളിയുന്ന ഗ്രാമജീവിതത്തിന്റെ നന്മകൾ കണ്ടെത്തി ആസ്വാദനം തയ്യാറാക്കുക.

34 പൊന്നുരുക്കുകയാണ് പൂച്ച എന്ന ചെറുകഥ പ്രതിഫലിപ്പിക്കുന്ന സമകാലിക ജീവിത യാഥാർത്ഥ്യങ്ങൾ വിശകലനം ചെയ്യുക. 10

**അല്ലെങ്കിൽ**

അന്തിത്തിരി എന്ന കവിതയിൽ തെളിയുന്ന ഇടശ്ശേരിയുടെ ജീവിതവീക്ഷണം വിശകലനം ചെയ്യുക.

---



Unnati Educations
9899436384, 9654279279

Blank Page



Unnati Educations
9899436384, 9654279279